

# ഓർക്കുക

നമ്മുടെ ദൈനംദിന ജീവിതത്തിൽ ദുഃഖങ്ങളും വേദനകളും ഇല്ലാത്ത ആരുമില്ലല്ലോ. അഥവാ ഇല്ലന്നാരെങ്കിലും പറഞ്ഞാൽ അത് പച്ചക്കള്ളമാണല്ലോ. ഇതിൽ നിന്ന് ഒളിച്ചോടാൻ നമ്മൾ പല മാർഗ്ഗങ്ങളും അവലംബിക്കാറുണ്ടല്ലോ. താൽക്കാലികമായ് നമ്മൾക്കെല്ലാം ഇതിൽ നിന്ന് രക്ഷ ലഭിക്കുമെങ്കിലും സ്വാശ്വതമായ സമാധാനം അന്വേഷിച്ച് മനുജൻ യുഗങ്ങളായി പ്രയാണം ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. ആ യാത്ര ജീവിതാന്ത്യത്തോളം ചെന്നെത്തികഴിയുമ്പോൾ ആ വ്യക്തിയുടെ പ്രയാണ മുക്തി കണ്ടെത്തുകയെന്ന യാഥാർത്ഥ്യം നമ്മൾ കണ്ടു മനസ്സിലാക്കികൊണ്ടിരിക്കുകയാണെല്ലോ!

തിടുക്കമേറിയ ഈ ജീവിതയാത്രയ്ക്കിടയിൽ ഒരല്പനേരം ചിരിക്കാൻ/ആത്മാർത്ഥമായി ചിരിക്കാൻ കഴിഞ്ഞെങ്കിൽ ഒരല്പാശ്വാസം തീർച്ചയായും ലഭ്യമാകുമല്ലോ. കോമാളിക്കല്ലാതെ ആർക്കാണ് ആത്മാർത്ഥമായി വേറൊരാളെ ചിരിപ്പിക്കാൻ കഴിയുന്നത്. ആർക്കെങ്കിലും ആത്മാർത്ഥമായി ഈ വേഷം കെട്ടാൻ സാധിക്കുമോ?